# യേശു നമ്മുടെ മണവാളൻ.

സാക് പുന്നൻ

WFTW 02 മാർച്ച് 2014

ഉത്തമഗീതം 1: 1ൽ നാം ശ്രദ്ധിക്കുന്നത് ഇത് ശലോമോന്റെ ഗീതമാണ് എന്നാണ് പ്രാഥമികമായി മണവാളന്റെ ഗീതം മണവാട്ടിയുടേതല്ല. അത് അർത്ഥമാക്കുന്നത് ഇത് പ്രാഥമികമായി നമ്മുടെ കർത്താവിന്റെ നമ്മോടുള്ള പാട്ടാണ്, അല്ലാതെ നാം കർത്താവിനു പാടുന്ന പാട്ടല്ല. ' അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം അവനെ സ്നേഹിക്കുന്നു (1 യോഹ 4 : 19) നാം അല്ല ആദ്യം അവനെ സ്നേഹിച്ചത് അവൻ നമ്മെ ആദ്യം സ്നേഹിച്ചു. അവൻ ആദ്യം ഈ പാട്ട് നമ്മോട് പാടിയതുകൊണ്ടാണ് ഇപ്പോൾ നമുക്ക് അവനോട് പാടാൻ കഴിയുന്നത്. ഒരിക്കലും നിങ്ങൾക്ക് കർത്താവിനോടുള്ള സ്നേഹത്തെ കുറിച്ചു ചിന്തിച്ചു കൊണ്ടായിരിക്കരുത് തുടക്കം, എപ്പോളും തുടങ്ങേണ്ടിയത് അവന് നമ്മോടുള്ള സ്നേഹത്തെപറ്റി ചിന്തിച്ചു കൊണ്ടായിരിക്കണം. അപ്പോൾ നാം തെറ്റിപ്പോകയില്ല. കൂടാതെ നാം ഒരിക്കലും നിരുത്സാഹപ്പെടുകയോ നമ്മെ തന്നെ കുറ്റം വിധിക്കുകയോ ഇല്ല.

പിന്നീട് മണവാളൻ പറയുകയാണ് 'എന്റെ പ്രിയേ എന്റെ കൂടെ വരിക' ഇപ്പോൾ അവൻ തന്റെ മണവാട്ടിയെ ലോകത്തെ വിട്ട് അകലത്തേക്ക് വരാനായി ക്ഷണിക്കുകയാണ്. ' ശീതകാലം കഴിഞ്ഞു പുഷ്പങ്ങൾ ഭൂമിയിൽ കാണായ് വരുന്നു ' (ഉത്ത. 2: 11,12) വേനൽ അടുത്തു വരുന്നു എന്നത് കർത്താവിന്റെ ഭൂമിയിലേക്കുള്ള മടങ്ങി വരവ് സമീപിക്കുന്നതിനോട് സദൃശമാണ് (മത്താ 24: 32,33) വേനൽ അടുത്തിരിക്കുന്ന ഒരു സമയത്താണ് നാം ഇപ്പോൾ ജീവിക്കുന്നത്. മണവാളൻ സ്നേഹത്തോടെ പറയുകയാണ് പാറയുടെ പിളർപ്പിലും കടുന്തൂക്കിന്റെ മറവിലും ഇരിക്കുന്ന എന്റെ പ്രാവേ, ഞാൻ നിന്റെ മുഖവും ഒന്നു കാണട്ടെ, നിന്റെ സ്വരം ഒന്നു കേൾക്കട്ടെ, നിന്റെ സ്വരം ഇമ്പമുള്ളതും മുഖം സൌന്ദര്യമുള്ളതും ആകുന്നു. (ഉത്ത : 2: 14) ഇവിടെ നാം മറഞ്ഞിരിക്കുന്നതായി പറഞ്ഞിരിക്കുന്ന പാറ ക്രിസ്തുവാണ് ഈ വാക്കുകൾ കർത്താവിന് നമ്മോടുള്ള സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും തീവ്രതയെ കാണിക്കുന്നു. ഇതു നാം വിശ്വസിച്ചിരുന്നെങ്കിൽ അത് നമ്മുടെ എല്ലാ അരക്ഷിതാവസ്ഥയെയും ഭയത്തെയും നമ്മിൽ നിന്ന് മുഴുവനായി നീക്കി കളയുമായിരുന്നു.

അപ്പോൾ മണവാളൻ പറയുന്നു ഞങ്ങളുടെ മുന്തിരിത്തോട്ടങ്ങൾ പൂത്തിരിക്കയാൽ മുന്തിരി വള്ളി നശിപ്പിക്കുന്ന കുറുക്കന്മാരെ, ചെറു കുറുക്കന്മാരെ തന്നെ പിടിച്ചുതരുവിൻ (ഉത്ത: 2: 15) ഇത് നാം നിരന്തരമായി കേൾക്കേണ്ട ഒരു വാക്കാണ്. നമ്മുടെ മുന്തിരിത്തോട്ടം നശിപ്പിക്കുന്ന വലിയ കുറുക്കന്മാരെ ( പ്രകടമായ പാപങ്ങൾ) കാണാൻ എളുപ്പമാണ് എന്നാൽ മുന്തിരിതോട്ടത്തിൽ നുഴഞ്ഞുകയറി മുന്തിരിങ്ങ തിന്നുകളയുന്ന ചെറുകുറുക്കന്മാർ ഇവ വളരെ അപകടകാരികളാണ്. കാരണം അവ വളരെ കുറച്ചു മാത്രമെ ശ്രദ്ധിക്കപ്പെടാൻ സാധ്യതയുള്ളവയാണ്. നമ്മുടെ വിവാഹജീവിതത്തിലും ഭർത്താവ് ഭാര്യയെ അടിക്കുന്നതുപോലെയുള്ള വലിയ അപകടങ്ങളെയല്ല നാം സൂക്ഷിക്കേണ്ടത്. നമ്മിൽ അധികം പേരും ഒരിക്കലും അങ്ങനെയുള്ള കാര്യങ്ങൾ ചെയ്യാറില്ല. വിവാഹജീവിതത്തെ നശിപ്പിക്കുന്ന ചെറു കുറുക്കന്മാർ സാധാരണയായി ചെറിയ അസ്വസ്ഥതകളും ശബ്ദം ഉയർത്തിയുള്ള സംസാരങ്ങളുമാണ്. ഈ ചെറു കുറുക്കന്മാരെ പിടിച്ച്, അവ നിങ്ങളുടെ വിവാഹ ജീവിതം നശിപ്പിക്കുന്നതിനുമുമ്പ്, കൊന്നു കളയുക. നിങ്ങളുടെ വിവാഹജീവിതം ഒരു മുന്തിരിത്തോട്ടം പോലെയാണ്. വിവേകമുള്ള ഏതൊരു കർഷകനും ചെയ്യുന്നതുപോലെ അതിനെ സംരക്ഷിക്കുക. കർത്താവിനോടുള്ള നിങ്ങളുടെ ബന്ധവും ഒരു മുന്തിരിത്തോട്ടം പോലെയാണ്. വ്യഭിചാരവും കൊലപാതകവും പോലെയുള്ള വലിയപാപങ്ങളല്ല അധികം വിശ്വാസികളെയും കർത്താവിൽ നിന്ന് അകലേയ്ക്ക് ഓടിച്ചുകൊണ്ടു പോകുന്നത്. മലിന ചിന്തകൾ, പണസ്നേഹം, ക്ഷമിക്കാൻ പറ്റാത്ത മനോ ഭാവം മുതലായവ പോലുള്ള ചെറിയ കാര്യങ്ങളാണ് നമുക്കും കർത്താവിനും ഇടയ്ക്ക് വരികയും അവനോടുകൂടെയുള്ള നടപ്പിനെ നശിപ്പിക്കുകയും ചെയ്യുന്നത്. അതു കൊണ്ട് ചെറിയ കുറുക്കന്മാരെ പിടിക്കുന്നതിൽ നാം ജാഗ്രതയുള്ളവരായിരിക്കാം.

4ാം അദ്ധ്യായത്തിൽ മണവാളനിൽ നിന്ന് മണവാട്ടിയുടെ ഒരു നീണ്ട വർണന നാം കേൾക്കുന്നു. നാം തന്നെ സംസാരിക്കുന്നതിനെക്കാൾ കൂടുതൽ കർത്താവിനെ ശ്രദ്ധിച്ചുകേൾക്കുവാൻ പഠിക്കുന്നത് ആത്മീയ വളർച്ചയുടെ ഒരടയാളമാണ്. മണവാട്ടി പക്വമതി ആയികൊണ്ടിരിക്കുന്നു. അവൾ ശ്രദ്ധിക്കുമ്പോൾ, തന്റെ

മണവാളൻ തന്നെക്കുറിച്ചുള്ള വർണന പ്രകടിപ്പിക്കുന്നത് അവൾ കണ്ടെത്തുന്നു. അവൻ അവളുടെ ഒരോ ഭാഗങ്ങളെയും വർണിക്കുകയും ഇങ്ങനെ പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്നു. 'എന്റെ പ്രിയേ നീ സർവ്വാംഗ സുന്ദരി' (ഉത്ത 4:7)പിന്നെ അവൻ ഇങ്ങനെ പറഞ്ഞുകൊണ്ട് അവളെ ക്ഷണിക്കുന്നു. ' കാന്തേ ലെബാനോനെ വിട്ട് എന്നോടു കൂടോ വരിക, അമാനാവുകളും, ശെനീർ, ഹെർമോൻ കൊടുമുടികളും, സിംഹങ്ങളുടെ ഗുഹകളും ' (ഉത്ത 4:8)ഇത് സ്വർഗീയ തലങ്ങളിൽ ജീവിക്കാനുള്ള ക്ഷണമാണ്. കർത്താവു പറയുന്നത് ' കാര്യങ്ങളെ കാണുന്നത് താഴ്ന്നതും ഭൌമികമായതും ആയ നിലപാടിൽ ആകരുത്. എന്റെ കൂടെ സ്വർഗീയമായതിലേക്കു വരികയും എല്ലാകാര്യങ്ങളെയും ആ കാഴ്ചപാടിൽ കാണുകയും ചെയ്യുക. ഇവിടെ നിന്നു നോക്കുമ്പോൾ ഭൂമിയുടെ എല്ലാകാര്യങ്ങളും ചെറുതും, മങ്ങിയതും വിലയില്ലാത്തതുമായി മാറും.' കർത്താവു നമ്മെ വളരെ ഉന്നതമായ തലങ്ങളിലേയ്ക്ക് ഉയർത്താനാഗ്രഹിക്കുന്നു. അവിടെ സിംഹം, പിശാചുക്കൾ ദുഷ്ടാത്മ സേനയും അതിന്റെ ശക്തിയും എല്ലാമുണ്ട് എന്നതു സത്യമാണ്. എന്നാൽ നാം അവിടെ കർത്താവിനോടു കൂടെയായിരിക്കുകയും ചെയ്യും. മണവാട്ടി ഇവിടെ ഒരാത്മീയ പോരാട്ടത്തിനായിട്ട് ക്ഷണിക്കപ്പെട്ടിരിക്കുന്നത്.

മണവാളൻ ഇവിടെ മണവാട്ടിയെ വിളിക്കുന്നത് കെട്ടി അടച്ചിരിക്കുന്ന ഒരു തോട്ടമെന്നാണ്.(ഉത്ത 4 : 12) അന്യ പ്രവേശനമില്ലാത്ത ഒരു തോട്ടം, മണവാളനു വേണ്ടി മാത്രമുള്ളത്. അവർ മറ്റാർക്കുമുള്ളതല്ല. അവൾ അവളുടെ യജമാനനുവേണ്ടി മാത്രമുള്ളവളാണ്. കർത്താവുമായുള്ള നിന്റെ ബന്ധം അങ്ങനെയാണോ.? കർത്താവിനു നിന്നോടു പറയാൻ കഴിയുമോ നീ എന്റെ സ്വകാര്യ തോട്ടമാണ്. എന്റേതു മാത്രം'? നമുക്കാവശ്യമുള്ളതിനെക്കാൾ കൂടുതൽ പണമുണ്ടാക്കാൻ, ഭൌതിക അധികാരവും പ്രശസ്തിയും നേടാൻ, നമുക്കുതന്നെ ഒരു പേരുണ്ടാക്കാൻ തുടങ്ങിയവയ്ക്കുള്ള അവസരങ്ങൾ പോലെ ഈ ലോകത്തിൽ നമ്മെ ആകർഷിക്കാൻ കഴിവുള്ള പല കാര്യങ്ങൾ ഉണ്ട്. ഇങ്ങനെയുള്ള പ്രലോഭനങ്ങളെ , മണവാട്ടിയെ വശീകരിക്കുന്ന മറ്റു പുരുഷന്മാരോട് താരതമ്യപ്പെടുത്താം. എന്നാൽ ഇവിടെ മണവാട്ടി മറ്റൊന്നിനാലും ആകർഷിക്കപ്പെടുന്നില്ല. അവൾ തന്റെ പ്രിയനാൽ പിടിക്കപ്പെട്ടിരിക്കുകയാണ്. അവൾ തന്റെ മണവാളന്റേതു മാത്രമാണ്.

വളരെക്കുറച്ചു വിശ്വാസികൾ മാത്രമെ ക്രിസ്തുവുമായി ഇത്തരം ഒരു ബന്ധത്തിൽ ജീവിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ അവർ അവനെ അടുത്തറിയുന്നില്ല, അവന്റെ വചനങ്ങൾ അവർക്കു മനസ്സിലാകുന്നുമില്ല. വേദപുസ്തകം മനസ്സിലാക്കുന്നതിന്റെ രഹസ്യം എല്ലാറ്റിനും മുമ്പെ കർത്താവുമായി ഉറ്റ ബന്ധമുണ്ടായിരിക്കുക എന്നതാണ് തന്റെ വചനം എന്താണർത്ഥമാക്കുന്നത് എന്ന് നമുക്ക് വിശദീകരിച്ചു തരുവാൻ അവനെക്കാൾ നന്നായി ആർക്കുകഴിയും. ആദിമ ശിഷ്യന്മാർ നടന്നതുപോലെ അവനോട് ചേർന്നു നടക്കുകയും അവൻ നിങ്ങലോട് സംസാരിക്കുന്നത് കേൾക്കാൻ ആഗ്രഹിക്കുകയും ചെയ്യുക. അപ്പോൾ നിങ്ങളുടെ കണ്ണുകളും അവരുടെ തുപോലെ തുറക്കും നിങ്ങളുടെ ഹൃദയങ്ങളും അവരുടേതുപോലെ കത്തികൊണ്ടിരിക്കുകയും ചെയ്യും. എന്റെ കർത്താവിന്റെ കൂടെ നടന്ന അനേക വർഷങ്ങളിൽ ഞാൻ കണ്ടുപിടിച്ച ഒരു കാര്യമാണിത്.

മണവാട്ടി ഇവിടെ ഒരു രാത്രിയിൽ സംഭവിച്ചതെന്താണെന്നു പറയുന്നു. 'ഞാൻ ഉറങ്ങുന്നു എങ്കിലും എന്റെ ഹൃദയം ഉണർന്നിരിക്കുന്നു '(ഉത്ത 5: 2) പെട്ടെന്ന് തന്റെ പ്രിയന്റെ ശബ്ദം അവൾ കേട്ടു. നമ്മുടെ കർത്താവ് ഇടയ്ക്കിടെ, തിടുക്കത്തിൽ നമ്മെ വിളിക്കുന്നു. എല്ലാ സമയത്തും നാം അവന്റെ ശബ്ദം കേൾക്കാൻ ജാഗരൂകരായിരിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. പഴയ നിയമത്തിൽ ഇടയ്ക്കിടയ്ക്ക് ദൈവം അബ്രഹാമിനെ അബ്രഹാമെ എന്ന് തിടുക്കത്തിൽ വിളിക്കുന്നത് നാം വായിക്കുന്ന ഉടനെ അബ്രഹാം അടിയൻ ഇതാ എന്നു പറഞ്ഞ് അതിനോടു പ്രതികരിക്കുന്നതായും വായിക്കുന്നു അത് അവൻ നല്ല ഉറക്കത്തിലായിരിക്കുന്ന, അർദ്ധരാത്രിയിലായാലും ഉൽപത്തി 16 : 16 ലും 17: 1 ലും നാം വായിക്കുന്നത് 13 വർഷത്തെ നിശബ്ദതയ്ക്കുശേഷം ദൈവം തിടുക്കത്തിൽ ഒരു ദിവസം അബ്രഹാമിനെ വിളിച്ചു എന്നാണ്. അബ്രഹാം ഉടൻതന്നെ അതിനോട് പ്രതികരിച്ചു. തന്റെ മറ്റു പല കാര്യാദികൾക്കിടയിലും അവൻ കർത്താവിന്റെ ശബ്ദം കേൾക്കാൻ ജാഗരൂകനായിരുന്നു. കർത്താവ് ശമുവേലിനെയും അർദ്ധരാത്രിയിലാണ് വിളിച്ചത്. അപ്പോൾ ശമുവേൽ ഉണർന്നെഴുന്നേൽക്കുകയും ശ്രദ്ധിക്കുകയും ചെയ്തു. നാമും അങ്ങനെ തന്നെ ആയിരിക്കേണ്ടതാണ്.

എന്നാൽ ഇവിടെ നാം കാണുന്നത് പാതിരാത്രിയിൽ മണവാളൻ വന്ന് 'എന്റെ പ്രിയേ എനിക്കു തുറന്നു തരിക' (ഉത്ത 52) എന്നു പറഞ്ഞു വിളിച്ചപ്പോൾ, മണവാട്ടി വീണ്ടും വസ്ത്രമണിഞ്ഞ് വാതിൽ തുറക്കുവാൻ മടി കാണിച്ചു.(5:3). അവളുടെ (കഴുകി വൃത്തിയാക്കിയ) കാലുകൾ മലിനമാകുമെന്നുള്ള കാര്യത്തിൽ അവൾ വിഷമിച്ചിരുന്നു. അവൻ തന്നെ വാതിലിന്റെ കൊളുത്തു മാറ്റാൻ ശ്രമിച്ചു (ഉത്ത 5: 4) അപ്പോൾ മണവാട്ടി അവളുടെ മനസ്സു മാറ്റുകയും വാതിൽ തുറക്കുകയും ചെയ്തു. പക്ഷേ അവളുടെ പ്രിയൻ പോയ്കളഞ്ഞതായി കണ്ടു. അവൻ വിളിച്ച ഉടനെ അവൾ പ്രതികരിക്കാതിരുന്നതിനാലാണ് അവൻ അകന്നു പോയത്. അതു നമുക്കും സംഭവിക്കാം. കർത്താവ് നമ്മോട് പറഞ്ഞേക്കാം ' നീ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ കാര്യങ്ങളും ഉപേക്ഷിക്കുക, ആ ബുക്ക് വായിക്കുന്നത് നിർത്തുക, ആ സംഭാഷണം നിർത്തുക. എന്റെ കൂടെ തനിച്ചു വരികയും എന്നോട് സംസാരിക്കുകയും ചെയ്യുക. നമുക്ക് ഒരുമിച്ച് ഒന്നു നടക്കാം' നാം ഇങ്ങനെ പ്രതികരിക്കുമായിരിക്കും. 'കർത്താവേ അല്പം ഒന്നു കാത്തു നില്ക്കൂ. എനിക്ക് പ്രധാനപ്പെട്ട ചിലകാര്യങ്ങൾ ചെയ്യാനുണ്ട്. 15 മിനിറ്റുകൾക്കുള്ളിൽ അത് ചെയ്തു തീരും അപ്പോൾ ഞാൻ വരാം' 15 മിനിറ്റ് കഴിഞ്ഞ് ആ പ്രധാനപ്പെട്ട(?) ജോലി പൂർത്തീകരിക്കപ്പെട്ടു കഴിയുമ്പോൾ നാം പറയും കർത്താവെ ഇപ്പോൾ ഞാൻ തയാറാണ്.' എന്നാൽ അവൻ പൊയ്കളഞ്ഞതായി നാം കാണും. നമുക്കവനെ കണ്ടെത്താൻ കഴിയുകയില്ല. അതാണ് അനേകം വിശ്വാസികളുടെയും അനുഭവം. നമ്മുടെ സുഹൃത്തുക്കളുമായി നാം നടത്തുന്ന സംഭാഷണം, അല്ലെങ്കിൽ നാം വായിച്ചു കൊണ്ടിരിക്കുന്ന പുസ്തകം, അല്ലെങ്കിൽ നാം ചെയ്തുകൊണ്ടിരിക്കുന്ന ജോലി മുതലായവയെക്കാൾ കർത്താവ് ആണോ നമുക്ക് കൂടുതൽ പ്രാധാന്യമുള്ളതെന്ന് കാണാൻ അവൻ നമ്മെ ശോധനചെയ്യാറുണ്ട്. എല്ലാംവിട്ട് അവനെ ശ്രദ്ധിക്കുവാൻ നമുക്ക് മനസ്സാണോ എന്നു കാണുവാൻ അവൻ നമ്മെ പരിശോധിക്കും. നിങ്ങൾക്ക് ദൈവത്തിന്റെ ഫലപ്രദമായ ഒരു ദാസനായിരിക്കാൻ ആഗ്രഹമുണ്ടോ? കർത്താവു വിളിക്കുമ്പോൾ എല്ലാം വിട്ടുകളഞ്ഞിട്ട് അവനെ ശ്രദ്ധിക്കുന്ന ശീലം വളർത്തിയെടുക്കുക. നിങ്ങൾ ഒരിക്കലും ദുഃഖിക്കേണ്ടി വരികയില്ല.

മണവാളൻ അപ്പോൾ തന്റെ മണവാട്ടിയോട് തനിക്കുള്ള അഭിനന്ദനം പ്രകടിപ്പിക്കുന്നു(ഉത്ത 6: 410) എല്ലാ സ്ത്രീകളിലും വച്ച് തന്റെ മണവാട്ടിയെപ്പോലെ ആരുമില്ല, അവന്റെ തികവുമുള്ള ഒരുവൾ മാത്രം. മറ്റെല്ലാവർക്കും മീതെ ഞാൻ അവളെ തിരഞ്ഞെടുത്തിരിക്കുന്നു. ഒരോ ഭർത്താക്കന്മാരും തന്റെ ഭാര്യയെ ഇങ്ങനെ കാണണം ' ലോകത്തിൽ ആകർഷണീയമായ അനേകം സ്ത്രീകളുണ്ട്, എന്നാൽ എന്റെ ഭാര്യയെപ്പോലെ ആരുമില്ല. അവളാണ് എന്റെ കണ്ണിൽ ഒന്നാമഈത്തത്' . ഇതാണ് കർത്താവ് നമ്മെക്കുറിച്ച് പറയുന്നത്. ലോകത്തിലെ എല്ലാ ബുദ്ധിമാന്മാരെക്കാളും ധനവാന്മാരെക്കാളും, മഹാന്മാരെക്കാളും അവൻ വിലമതിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നത് നമ്മളെയാണ്.

(മൊഴിമാറ്റം: സൂസമ്മ ജേക്കബ്, ആലപ്പുഴ)